05-02-2023

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-05/02/2023.

1. കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന വൈഗ 2023- അന്താരാഷ്ട്ര ശിൽപശാലയും, കാർഷിക പ്രദർശനങ്ങളോടും അനുബന്ധിച്ച് അഗ്രിഹാക്കത്തോൺ സംഘടിപ്പിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർഥികൾ, സ്റ്റാർട്ടപ്പുകൾ, പൊതുജനങ്ങൾ (പ്രൊഫഷണലുകൾ, കർഷകർ) എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തപ്പെടുന്ന കാർഷിക രംഗത്തെ ഏറ്റവും വലിയ ഹാക്കത്തോൺ ആണ് വൈഗ അഗ്രി ഹാക്ക് 23. കാർഷിക രംഗത്തെയും, കാർഷിക ഭരണ നിർവഹണ രംഗത്തെയും പ്രധാന പ്രശ്നങ്ങൾക്ക്, സാങ്കേതികമായ പരിഹാരങ്ങൾ കണ്ടെത്തുവാൻ വൈഗ അഗ്രി ഹാക്ക് കൊണ്ട് ലക്ഷ്യമിടുന്നു. കാർഷിക മേഖലയിലെ പ്രധാന പ്രശ്നങ്ങൾ കണ്ടെത്തി അവ പ്രോബ്ലം സ്റ്റേറ്റ്മെന്റുകൾ ആയി അവതരിപ്പിക്കുകയും, അഗ്രിഹാക്കിൽ പങ്കെടുക്കുന്നവർക്ക് ഇവയിൽ അനുയോജ്യമായവ തെരഞ്ഞെടുത്തുകൊണ്ട് ഫലപ്രദമായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്താനുള്ള അവസരവും നൽകുന്നു. 36 മണിക്കൂർ നീണ്ടുനിൽക്കുന്ന പ്രശ്നപരിഹാര മത്സരത്തിൽ സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ വിഭാഗങ്ങൾ ഉണ്ടായിരിക്കും. ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർഥികൾ, സ്റ്റാർട്ടപ്പുകൾ, പൊതുജനങ്ങൾ (പ്രൊഫഷണലുകൾ, കർഷകർ) എന്നീ മൂന്നു വിഭാഗങ്ങളിലായാണ് മത്സരം നടത്തുന്നത്. 3 മുതൽ 5 പേർ അടങ്ങുന്ന ടീമുകൾക്ക് മേൽപറഞ്ഞ വിഭാഗങ്ങളിൽ അപേക്ഷിക്കാവുന്നതാണ്. ഹാക്കത്തോണിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ടീമുകൾ 2023 **ഫെബ്രുവരി 12 ന് മുമ്പായി അഗ്രി ഹാക്ക് പോർട്ടൽ** (www.vaigaagrihack.in) വഴി രജിസ്റ്റർ ചെയ്യേണ്ടതും തെരഞ്ഞെടുത്ത പ്രശ്നങ്ങളുടെ പരിഹാരമാർഗ്ഗങ്ങളും സമർപ്പിക്കേണ്ടതുമാണ്. തെരഞ്ഞെടുക്കപ്പെടുന്ന മികച്ച 30 ടീമുകൾക്ക് 2023 ഫെബ്രുവരി 25 മുതൽ 27 വരെ തിരുവനന്തപുരം, വെള്ളായണി കാർഷിക കോളേജിൽ നടക്കുന്ന അഗ്രി ഹാക്കിൽ പങ്കെടുക്കാൻ കഴിയും. വൈഗ അഗ്രി ഹാക്ക് 23-ൽ വിജയികളാകുന്ന ടീമുകൾക്ക് ക്യാഷ് പ്രൈസ്, മെഡൽ, സർട്ടിഫിക്കറ്റുകൾ എന്നിവ സമ്മാനിക്കുന്നതാണ്. കൂടാതെ പ്രസ്തുത പരിഹാര മാർഗ്ഗങ്ങൾ നടപ്പിൽ വരുത്തുന്നതിനും, പ്രചരിപ്പിക്കുന്നതിനുമുള്ള നടപടികൾ സംസ്ഥാന കൃഷി വകുപ്പ് കൈക്കൊള്ളുന്നതാണെന്ന്

കൃഷിഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് (www.vaigaagrihack.in, www.vaigakerala.com) എന്നീ സൈറ്റുകൾ സന്ദർശിക്കുകയോ **9383470061, 9383470025** ൽ ബന്ധപ്പെടുകയോ ചെയ്യുക.

2. കേരള കാർഷിക സർവ്വകലാശാല, കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയുടെ ആഭിമുഖ്യത്തിൽ 2022-23 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ആസൂത്രണ പദ്ധതിയിൽ നടപ്പിലാക്കി വരുന്ന ട്രാക്ടർ പ്രവർത്തന സേനയെ സജ്ജമാക്കുന്നതിനു വേണ്ടിയുള്ള പരിശീലനം 2023 ഫെബ്രുവരി 13 മുതൽ ഫെബ്രുവരി 24 വരെ നടത്തുന്നു. താല്പര്യമുള്ളവർ 0487-2370726, 9446370726 എന്ന നമ്പറിൽ 2023 ഫെബ്രുവരി 10 ന് 5 മണിക്ക് മുൻപായി ബന്ധപ്പെടാവുന്നതാണ്. പ്രായ പരിധി 18 - 60 വയസ്സ്

3. കേരള സംസ്ഥാന കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് നൽകിവരുന്ന ആനുകൂല്യത്തിനായി കർഷകർക്ക് ജൂൺ 30 വരെ അപേക്ഷിക്കാവുന്നതാണെന്ന് കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു. കടാശ്വാസ കമ്മീഷൻ മുഖേന കാർഷികവായ്പകൾക്കു നൽകിവരുന്ന കടാശ്വാസത്തിന് പരിഗണിക്കാവുന്ന വായ്പാ തീയതി ഇടുക്കി, വയനാട് ജില്ല ഒഴികെ മറ്റു എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2016 മാർച്ച് 31 വരെയും ഇടുക്കി വയനാട് ജില്ലകളിലെ കർഷകർക്ക് 2020 ആഗസ്റ്റ് 31 വരെയും ആയി ദീർഘിപ്പിച്ച് കഴിഞ്ഞ മാസം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നതിനായി 2023 ജനുവരി 1 മുതൽ ജൂൺ 30 വരെ കേരള സംസ്ഥാന കടാശ്വാസ കമ്മീഷനിൽ കർഷകർക്ക് കടാശ്വാസത്തിന് അപേക്ഷ നൽകാവുന്നതാണ്. കർഷകർ സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ നിന്നും എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന നിലവിൽ പരമാവധി രണ്ട് ലക്ഷം രൂപ വരെയാണ് കടാശ്വാസം അനുവദിച്ചു വരുന്നതെന്നും മന്ത്രി പറഞ്ഞു.

4. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടിക്കൾച്ചർ റിസർച്ചിന്റെ (ഐ.സി.എ.ആർ.) സാങ്കേതിക സഹായത്തോടെ സംസ്ഥാന കൃഷിവകുപ്പ് - സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം രാഷ്ട്രീയ കൃഷി വികാസ് യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് വെർട്ടിക്കൽ മാതൃകയിൽ പച്ചക്കറി കൃഷി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. ഒരു സ്ക്വയർ മീറ്റർ വിസ്തൃതിയിൽ സ്ഥാപിക്കാൻ കഴിയുന്ന 4 അടുക്കുകളുള്ള അർക്ക വെർട്ടിക്കൽ ഗാർഡൻ സ്ട്രക്ച്ചറിനൊപ്പം 16 ചെടിച്ചട്ടികൾ, 80 കിലോഗ്രാം പരിപോഷിപ്പിച്ച നടീൽ മാധ്യമം (ചകിരിച്ചോർ), ചീര,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുളക്, പാലക്ക്, മല്ലി, കത്തിരി, തക്കാളി തുടങ്ങിയ വിളകളുടെ വിത്ത്, സസ്യ പോഷണ സംരക്ഷണ പദാർത്ഥങ്ങൾ, 25 ലിറ്റർ സംഭരണശേഷിയുള്ള തുള്ളിനന സൗകര്യം എന്നിവ ഉണ്ടായിരിക്കുന്നതാണ്. ചക്രങ്ങൾ ഘടിപ്പിച്ചിട്ടുള്ളതിനാൽ സൂര്യപ്രകാശ ലഭ്യതയ്ക്കനുസരിച്ച് സ്ഥാനം മാറ്റാവുന്നതാണ്. 22100/- രൂപ ആകെ ചിലവ് വരുന്ന ഒരു യൂണിറ്റ് അർക്ക വെർട്ടിക്കൽ ഗാർഡൻ 10525/- രൂപ ധനസഹായത്തോടെയാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക. https://serviceonline.gov.in/ എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഗുണഭോക്തൃവിഹിതമായ 11575/- രൂപ അപേക്ഷയോടൊപ്പം ഓൺലൈനായി മുൻകൂർ അടയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള പി.ഒ., പാളയം, തിരുവനന്തപുരം** എന്ന മേൽവിലാസത്തിലോ, **0471 2330857, 9188954089** എന്നീ ഫോൺ നമ്പരുകളിലോ ബന്ധപ്പെടുകയോ, www.shm.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

**കാർഷിക നിർദ്ദേശം**

5. ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ കിഴങ്ങുവർഗ്ഗവിളകളുടെ നടലിന് അനുയോജ്യമായ സമയമാണിപ്പോൾ. ഇതിനായുള്ള വിത്ത് ശേഖരണവും നിലമൊരിക്കലും ഇപ്പോൾ ആരംഭിക്കാവുന്നതാണ്. കുമ്മായം ചേർത്ത് നിലമൊരുക്കി 10 ദിവസത്തിന് ശേഷം ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകപ്പൊടിയും ചേർത്ത് വേണം കുഴികൾ തയാറാക്കാൻ. നടീലിനായി തിരഞ്ഞെടുക്കുന്ന വിത്തുകൾ ചാണക വെള്ളത്തിൽ മുക്കി തണലത്തു വെച്ച് ഉണക്കിയ ശേഷം നടാൻ ഉപയോഗിക്കുക. ചേനയിൽ വരാൻ സാധ്യതയുള്ള നിമാ വിരകളെ അകറ്റുന്നതിന് മുൻകരുതലായി ബാസില്ലസ് കൾച്ചർ 3 ഗ്രാം ഒരു കിലോഗ്രാം വിത്തിനു എന്ന കണക്കിൽ വിത്ത് പരിചരണത്തിനായി ഉപയോഗിക്കുക. ഇപ്പോൾ നിലമൊരുക്കലും വിത്ത് പരിചരണവും ചെയ്ത് ഫെബ്രുവരി പകുതിയോടെ ഇവയുടെ നടീൽ നടത്താവുന്നതാണ്. നട്ടശേഷം ചപ്പുചവറുകളോ കരിയിലകളോ ഉപയോഗിച്ച് പുതയിടയിലും അനുവർത്തിക്കുക.